2024 Feb

**01**

# ജാലകം

## ഗവ. ഹൈസ്കൂൾ
## പൂയപ്പള്ളി, കൊല്ലം
## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

**സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകർക്ക് സമർപ്പിക്കുന്നു.**




ഉബുണ്ടു
സ്കൂൾ വാർത്തകൾ
കഥ
കവിത
ലേഖനം
ചിത്രശാല

# ഇന്ത്യൻ ഭരണഘടന

## ആമുഖം

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

https://commons.wikimedia.org/wiki/File:Constitution_of_India_Preamble_Malayalam.png

# ഉള്ളടക്കം

2024 February 01


002 ഭരണഘടന- ആമുഖം

003 ഉള്ളടക്കം

004 ലിറ്റിൽ കൈറ്റ്സ്

005 സ്കൂൾ വാർഷികം- വാർത്ത

006 ഓർമ്മയിൽ ഒരിതൾ

007 സന്യാസിയുടെ വാക്കുകൾ

008 Downpour വാക്കുകൾ

009 ഓർമ്മയിലെ സന്തോഷം

010 കൊമ്പൻ

011 ഊട്ടി

012 വേർപാടിന്റെ നൊമ്പരം

013 ഉബുണ്ടു

014 മങ്ങിയ കണ്ണുകൾ

015 പ്രകൃതി, ലഹരി

016 ചെസ്സ് നമ്പർ 7

018 കള്ളനായില്ല ഞാൻ








013




Student editors
**Theertha Prasad**
**Lekshmipriya**
STD IX
Teachers
**Jayasree. V**
**Rajani N R**

Layout
LittleKITES, GHS, Pooyappally




ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളെ ഉൾക്കൊള്ളുന്ന വിദ്യാർത്ഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധ തിയുടെ പ്രവർത്തനങ്ങളിൽ വിദ്യാർഥികളെ ക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യമായിരുന്നു 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന കൂട്ടായ്മക്കു ണ്ടായിരുന്നത്. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതിക വിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും അവ യുടെ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തു വാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്നിവയെ സംയോ ജിപ്പിച്ച് ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ ആരംഭിച്ചു. ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോ ണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥി കൾക്ക് തീവ്രപരിശീലനം നൽകിവരുന്നു.

ലിറ്റിൽ കൈറ്റ്സ് രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐടി നെറ്റ്‌വർക്കായി മാറിയിരി ക്കുന്നു.

2018 ജനുവരി 22ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനാണ് ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം ചെയ്തത്.

പുതിയ മൊബൈൽ ആപ്ലിക്കേഷനുകളുടെ വിക സനം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-കൊ മേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യു മെന്റേഷൻ തുടങ്ങിയ വിഷയങ്ങൾ കൂട്ടിച്ചേർ ത്തിട്ടുമുണ്ട്.

ലിറ്റിൽ കൈറ്റ്സ് പ്രവർത്തന രൂപരേഖയ്ക്കായി ഇവിടെ ക്ലിക്ക് ചെയ്യുക.




# സ്കൂൾ വാർഷികം 2024

പൂയപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിലെ 2023-24 വാർഷിക ആഘോഷങ്ങളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വക്കേറ്റ് എസ് ഷൈൻകുമാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് എസ് ബിനു അധ്യക്ഷനായ യോഗത്തിൽ ബഹു. ഹെഡ്മിസ്ട്രസ് ശ്രീമതി ജി.സിന്ധു സ്വാഗതം ആശംസിക്കുകയുംസീനിയർ അസിസ്റ്റന്റ് ശ്രീമതി എ. എൻ. ഗിരിജ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കലാപരിപാടികളുടെ ഉദ്ഘാടനം കവിയും എഴുത്തുകാരനും ചിന്തകനും ഫിലിം സെൻസർ ബോർഡ് മുൻ അംഗവുമായ ശ്രീ കല്ലറ അജയൻ നിർവഹിച്ചു.സർവിസിൽ നിന്നും വിരമിക്കുന്ന അധ്യാപകരായ ഹെഡ്മിസ്ട്രസ് ശ്രീമതി ജി സിന്ധു,ശ്രീമതി ലത എസ്, ശ്രീ. സാജൻ കെ, ശ്രീമതി ഷേർലി എബ്രഹാം എന്നിവർക്കുള്ള ഉപഹാര സമർപ്പണം ശ്രീ കല്ലറ അജയൻ നിർവഹിച്ചു.

കവികളായ ശ്രീമതി എം.എസ്. റെസിലി, സജു പൂയപ്പള്ളി എന്നിവരെയും പൂയപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സരിത. വി ആദരിച്ചു. ഇതിനോടൊപ്പം പ്രതിഭകൾക്കുള്ള സമ്മാന വിതരണവും അവാർഡ് ദാനവും നടന്നു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ബിന്ദു ബി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജയരാജേന്ദ്രൻ, ടൗൺ വാർഡ് മെമ്പർ ശ്രീ രാജു ചാവടി,എസ് എം സി ചെയർമാൻ ശ്രീ പ്രശാന്ത് കുമാർ ജി, പിടിഎ വൈസ് പ്രസിഡന്റ് ശ്രീ സ്മിത്ത് എസ്, മാതൃസമിതി പ്രസിഡന്റ് ശ്രീമതി ദിവ്യ എസ്, സ്റ്റാഫ് സെക്രട്ടറി ശ്രീമതി ഡി. സുജാത, എന്നിവർ ആശംസകൾ അറിയിക്കുകയും കൺവീനർ ശ്രീമതി സിന്ധു. എസ് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ അരങ്ങേറി.

## കമ്പ്യൂട്ടർ ലാബ് നവീകരണം

പൂയപ്പള്ളി ഗവ. ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗം കമ്പ്യൂട്ടർ ലാബ് നവീകരണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കമ്പ്യൂട്ടർ മേശകൾ മാറ്റി ലാപ്ടോപ്പ് ബേസുകൾ നിർമ്മിക്കുക, വലിയ പ്രൊജക്ടർ സ്ക്രീൻ സ്ഥാപിക്കുക എന്നിവയാണ് നവീകരണത്തിലുൾപ്പെടുന്നത്. സ്കൂൾ പി.ടി.എ യുടെ പ്രവർത്തനഫലമായാണ് നവീകരണത്തിനുള്ള ഫണ്ട് കണ്ടെത്തുന്നത്. ലാബ് ഉദ്ഘാടനം ഫെബ്രുവരി അവസാനവാരം നടക്കും.

# ഓർമയിൽ ഒരിതൾ


ഗായത്രി. ജി
10B



ഓരോ കാഴ്ചയും
ഓരോ ഓർമയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
നിന്നിലേക്ക് നീളുന്ന
വരികളായിരുന്നു.

സ്നേഹത്തിന്റെ
തൂലികയാൽ
കുറിച്ചതോക്കെയും
മനസ്സിന്റെയടിതട്ടിൽ
വേരുറച്ച ഓർമ്മകൾ
പിഴുതെറിയാനാവില്ല ഒരു നാളും...

മറക്കാൻ നിനച്ച്
വനമായ് വളർത്തേണ്ട നീ....
മാനത്ത് നിന്നടരുന്ന മഴ
മുഴുവൻ കടലിൽ
പതിച്ചെന്നിരിക്കാം.
ഓർക്കാതെ താനേ
വേരറ്റു പോകട്ടെ
വരാന്തയിൽ മറന്നുവച്ചിട്ടുപോയ
ഒരു കപ്പ് ചായപോലെ...



# സന്ന്യാസിയുടെ വാക്കുകൾ

വരുൺ വി
10A

ഒരിക്കൽ ഒരു മദ്യവ്യാപാരി ഒരു സന്ന്യാസി യോട് ചോദിച്ചു: "നിങ്ങൾ മദ്യപാനത്തെ വലിയോരു തെറ്റായി കാണിച്ചു ആളുകളെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നു, എന്റെ വരുമാനം ഇല്ലാതാകുന്നു".

സന്ന്യാസി പറഞ്ഞു: "നീ പണത്തിന്ന വേണ്ടി ചെയ്യുന്ന ഈ കച്ചവടം നിനക്ക് ലാഭം തരുന്നുണ്ട്. പക്ഷേ അത് മറ്റുള്ളവരിൽ അവ രുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നു. നീ ചെയ്യുന്ന പ്രവൃത്തി തെറ്റല്ല എന്ന് നിനക്ക് തെളിയിക്കാൻ പറ്റുമെങ്കിൽ ഞാൻ നിന്നിൽ നിന്ന് പിന്മാറാൻ തയ്യാറാണ്."

വ്യാപാരി ചോദിച്ചു: "സ്വാമി, ഞാൻ കേവലം വീഞ്ഞ് ആണ് വിൽക്കുന്നത്. അത് മുന്തിരി കൊണ്ട് ഉണ്ടാക്കുന്നതാണ്. അങ്ങുതന്നെ പറയൂ, മുന്തിരി തിന്നുന്നതിന് എന്താണ് പ്രശ്നമുള്ളത്? ആ മുന്തിരിയുടെ ചാറു പിഴിഞ്ഞ് കുടിക്കുന്നതിൽ തെറ്റില്ല. അതുകൊണ്ട് തന്നെ ആ മുന്തിരിച്ചാറു പുളിപ്പിച്ചു വീഞ്ഞായി കുടിക്കുന്നതിലും തെറ്റില്ല. അത് വാറ്റി മദ്യം ആയി വില്ക്കു ന്നതിലും എന്താണ് തെറ്റ്? അതെ, മുന്തിരി തന്നെയല്ലേ ഞാൻ വേറെ രൂപത്തിൽ വിൽക്കുന്നത്?"

സന്ന്യാസി ചിരിച്ചുക്കൊണ്ട് ചോദിച്ചു: "ഞാൻ നിന്റെ മേലെ കുറച്ച് മണ്ണ് വാരി എറിഞ്ഞാൽ നിനക്ക് വേദനിക്കുമോ...?"

വ്യാപാരി ഇല്ലെന്നുതന്നെ തലയാട്ടി.

"ഇല്ല, അല്ലേ? ആ മണ്ണ് കുറച്ച് വെള്ളത്തിൽ നനച്ചശേഷം എറിഞ്ഞാലും നിനക്ക് അത്ര വേദനിക്കില്ല. എന്നാൽ മണ്ണ് ഞാൻ വെള്ള ത്തിൽ കുഴച്ചുവച്ച് പിന്നീട് ഉണക്കി, തീയിൽ ഇട്ടുചുട്ട് ഒരു ഇഷ്ടികയാക്കി നിന്നെ എറിഞ്ഞാൽ എങ്ങിനെ ഇരിക്കും?"

വ്യാപാരി അല്പനേരം ആലോചിച്ചി രുന്നു. സന്ന്യാസി ചോദിച്ചു.

"തീർച്ചയായും നിനക്ക് മുറിവേൽക്കും, വേദനയും ഉണ്ടാകും".

നിസ്സാരമായി കണ്ട ആ ഒരുപിടി മണ്ണും ചെളിയും തന്നെയാണ് ഇഷ്ടിക ആയി മാറി അപകടം ഉണ്ടാക്കുന്നത്. രൂപം മാറുന്നതി നൊപ്പം ഓരോന്നിന്റെയും സ്വഭാവവും മാറു ന്നുണ്ട്. എന്തുകൊണ്ട് അത് നീ ശ്രദ്ധിച്ചില്ല?"


സന്ന്യാസി തുടർന്നു.

"ന്യായീകരണങ്ങൾ ഒരിക്കലും നാം ചെയ്യുന്ന തെറ്റിനെ ഇല്ലാതാക്കുകയില്ല. ഏതു പ്രവർത്തിയുടെയും അവസാനഫലമാണ് അതിനെ നല്ലതും മോശവുമാക്കി മാറ്റുന്നത്. അതിനാൽ നീ തന്നെ ആലോചിക്ക്"

വ്യാപാരിയ്ക്ക് മറുപടിയുണ്ടായില്ല. പക്ഷേ, സന്ന്യാസിയുടെ വാക്കുകൾ അയാളെ ചിന്തിപ്പിച്ചു. പിന്നീടയാൾ മദ്യം വിറ്റിട്ടില്ല.

# Downpour

Vydurya Harilal
XD



Sizzling down through the
Windows the door
Drenching the whole,
world around shotters the tears
Of the sky lots of glassleads
crystal clear the cackle of the
healin orb
As my pain is, the joy of
someone else, my dearest
The passing rainstorm
Through this sky
Down
Twitter world
That unfurled past
I don't wanna get will in the
rain ain't holding the
strengthen to take shads
I am standing still like the
password every drops
scartching me
This pain is unbreakable
Looking in the mirror
I wish to say "you don't have to
hate me anymore "
The memories persisy,
All a drizzle, used to be,
But now a bruisisg down power
time goes by,
The hearted the gloom,
went away now left is only agon
the car downpour
Will warm be one tears
It's alright
Font breakdown this is just a
passing
Downpour

കഥ

# ഓർമ്മയിലെ സന്തോഷം

ശിവ ദർശന
7C

രണ്ടായിരത്തി ഇരുപത് മാർച്ച് പത്താം തീയതി സ്കൂൾ അടയ്ക്കുമ്പോൾ അടുത്ത പ്രവേശനോത്സവത്തിന് തന്റെ അധ്യാപകരേയും കൂട്ടുകാരെയും കാണാമല്ലോ എന്ന സന്തോഷത്തിലായിരുന്നു. അപ്രതീക്ഷിതമായി കൊറോണ എന്ന മഹാമാരി വന്നതോടെ സ്കൂൾ തുറന്നില്ല. രോഗത്തിന്റെ കാഠിന്യം കൂടിയതോടെ പിന്നീട് എല്ലാം ഓൺലൈൻ ക്ലാസുകളായി.

പിന്നെയും പിന്നെയും എല്ലാവരുടേയും മനസിനെ മടുപ്പിച്ച് നിരാശയുടെ വർഷകാലം.

മഹാമാരിക്കെതിരെ വാക്സിൻ കണ്ടെത്തി എന്ന ശുഭവാർത്ത വന്നപ്പോൾ ആശ്വാസം. അടുത്ത വർഷമെങ്കിലും സ്കൂളിൽ പോകാമല്ലോ! ആ ആശ്വാസം അവനിൽ പ്രതീക്ഷയായി.




കൊറോണ രോഗവർഷം കഴിഞ്ഞ് നീണ്ട ഒരു ഇടവേളയ്ക്കുശേഷം സ്കൂളിലേക്ക് വരിക യാണ് അപ്പു. അവന് എന്തെന്നില്ലാത്ത സന്തോഷമുണ്ട്. ആദ്യമായി അമ്മയോടും അച്ഛനോടുമൊപ്പം സ്കൂളിൽ വരുമ്പോഴുണ്ടാകുന്ന പറഞ്ഞറിയിക്കാൻ വയ്യാത്ത വികാരത്തോടെ അവൻ കിടന്നു. ഒരു പക്ഷേ എല്ലാ കുട്ടികൾക്കും അങ്ങനെത്തന്നെയാവാം. അവൻ ചിന്തിച്ചു.

കൂട്ടുകാരോടൊത്ത് കളിച്ചും ചിരിച്ചും പഠിച്ചും നടന്ന നാളുകൾ! പെട്ടെന്ന് ഒരു ദിവസം വിദ്യാലയം അടയ്ക്കുന്നു. അധ്യാപകരോടോ കൂട്ടുകാരോടോ യാത്ര പറയാൻ പറ്റാത്ത വിഷമവും ഒറ്റപ്പെടലും. ആ കെട്ടകാലത്തിൽ നിന്നും മോചിതമായി ഇന്നിതാ ആ ദിവസം വന്നെത്തിയിരിക്കുന്നു. നാളെ സ്കൂൾ തുറക്കുമല്ലോ എന്ന സന്തോഷത്തിൽ അവൻ ഉറങ്ങാൻ

കിടന്നു. പിറ്റേന്ന് കുറച്ചുനേരത്തേ തന്നെ അവൻ ഉറക്കം ഉണർന്നു. അമ്മ അപ്പുവിനെ ഒരുക്കുന്നതിന് ഇടയിൽ ചോദിച്ചു:

"ഇന്ന് നിന്റെ മുഖത്ത് നല്ല സന്തോഷം കാണുന്നുണ്ടല്ലോ കൂട്ടുകാരെയും അധ്യാപകരെയുമെല്ലാം കാണുമ്പോൾ നിനക്ക് വീണ്ടും സന്തോഷമാവില്ലേ"


"അതെ. സ്കൂളിലെത്താൻ ധൃതിയായി അമ്മേ". അവൻ പറഞ്ഞു.

അവൻ സ്കൂളിലേക്ക് പോകാൻ തിടുക്കം കൂട്ടി. പതിവുപോലെ സ്കൂൾ തുറക്കുമ്പോൾ മഴയ്ക്കും ചെറിയ കുസൃതിയാണല്ലോ! ചെറുതായി മഴപെയ്യുന്നുണ്ട്. വിദ്യാലയം മുഴുവനും നന്നായി അലങ്കരിച്ചിട്ടുണ്ട്. പുത്തൻ ഉടുപ്പുകളും ബാഗും ഇട്ട് സ്കൂളിലേക്ക് വരുന്ന പുതിയ കുട്ടികൾ. ചില കുട്ടികൾ ചെറുതായി ചിണുങ്ങുന്നുണ്ട്.

എത്ര നാളായി കൂട്ടുകാരെയും അധ്യാപകരേയും കണ്ടിട്ട്! എല്ലാവർക്കും ചെറിയ ചെറിയ മാറ്റങ്ങൾ. അങ്ങനെ പ്രവേശനോത്സവം വളരെ ഗംഭീരമായി നടന്നു. പിറ്റേ ദിവസവും മഴ പെയ്യുന്നു. മഴയിൽ ആടിപ്പാടി കുടയുംചൂടി ബാഗുമായി അവൻ സ്കൂളിലേക്ക് പോയി.

"മോനേ അപ്പു, എഴുന്നേൽക്കൂ."
അമ്മവിളിച്ചു.

അവൻ ചാടി എഴുന്നേറ്റു ഇതെല്ലാം സ്വപ്നമായിരുന്നു എന്ന് അവന് വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്നാണ് തന്റെ വിദ്യാലയത്തിലേക്ക് പോകാൻ കഴിയുന്നത് എന്ന വിഷമത്തോടെ അവൻ ജനാലയുടെ അടുത്തു ചെന്ന് പുറത്തേക്ക് നോക്കിനിന്നു. അപ്പോഴും മഴ പെയ്തുകൊണ്ടിരിക്കുന്നു.





# ഊട്ടി

അഭിരാമി എ
9D

രണ്ടായിരത്തിപ്പതിനേഴ് ഏപ്രിൽ മാസത്തിൽ ഞാനും എന്റെ കുടുംബവും ഒരു യാത്ര പോയി. ഊട്ടിയിലേക്ക് ആയിരുന്നു യാത്ര പോയത്. ഊട്ടി ഹിൽ സ്റ്റേഷനുകളുടെ രാജ്ഞി എന്നാണല്ലോ അറിയപ്പെടുന്നത്. മൂന്നുദിവസത്തെ യാത്രയാണ് ഞങ്ങൾ പ്ലാൻ ചെയ്തത്. അതിനുവേണ്ടി അവിടെ ഞങ്ങൾ റൂമും റിസോർട്ടും ബുക്ക് ചെയ്തു. ഞങ്ങളുടെ കാറിൽ ആയിരുന്നു പോയത്. ഒരു തിങ്കളാഴ്ച രാവിലെ നാലുമണിക്ക് പുറപ്പെട്ട്, വൈകിട്ട് നാലുമണി ആയപ്പോൾ റിസോർട്ടിൽ ചെന്നു. വീട്ടിൽ നിന്നും ഞങ്ങൾ ആഹാരം കൊണ്ടു പോയിരുന്നു. ഇടയ്ക്ക് വണ്ടി നിർത്തി ഭക്ഷണം കഴിച്ചു.

ഞങ്ങളുടെ മാമനും ഒപ്പം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഇടയ്ക്ക് മാമനും കാർ ഓടിച്ചു. റിസോർട്ടിൽ ചെന്നു ഫ്രഷ് ആയി അതിനുശേഷം ഞങ്ങൾ റൂമിൽ തന്നെ ഇരുന്നു. രാവിലെ കറങ്ങാം എന്ന് അച്ഛൻ പറഞ്ഞു.

പിറ്റേന്ന് രാവിലെ എണീറ്റ് പ്രഭാത ഭക്ഷണവും കഴിച്ച് ഞങ്ങൾ കാഴ്ചകൾ കാണാൻ ഇറങ്ങി. ഞങ്ങളുടെ നാട്ടിലെ വേനൽചൂടിൽ നിന്ന് വ്യത്യസ്തമായി ഊട്ടിയിലേക്കുള്ള ഞങ്ങളുടെ യാത്ര മനോഹരമായ അനുഭവങ്ങൾ നൽകി. അവിടെ നിന്നും ഞങ്ങൾ ഒരുപാട് ഫോട്ടോകൾ എടുത്തു. ഊട്ടിയിലെ പ്രകൃതിയുടെ മനോഹാരിത എത്ര വർണിച്ചാലാണ് മതിയാവുക.

ഊട്ടിയിൽ നമുക്ക് കുതിരസവാരി നടത്താം. സവാരികൾക്ക് കുതിരകളെ വാടകയ്ക്ക് കൊടുക്കുന്ന ആൾക്കാർ അവിടെ ഉണ്ട്. ഞാനും അച്ഛനും മാമനും സവാരി നടത്തി. അമ്മയ്ക്ക് പേടി ആയതുകൊണ്ട് അമ്മ സവാരിക്ക് വന്നില്ല.

പിന്നീട് കുന്നൂരിലെ സിംസ് പാർക്കിലേക്ക് യാത്ര തിരിച്ചു. ഊട്ടിയിൽ നിന്ന് ഏകദേശം അൻപത് മിനിറ്റോളം എടുത്തു അവിടെയെത്താൻ.

അതൊരു പൂന്തോട്ടമായിരുന്നു പാർക്കിനുള്ളിൽ മനോഹരമായ പുഷ്പങ്ങളും പുൽതകിടികളും ഉണ്ട്. കൂടാതെ പ്രകൃതിദത്തമായ ചില മരങ്ങൾ, കുറ്റിച്ചെടികൾ, ലോകമെമ്പാടുമുള്ള വിവിധ സ്ഥലങ്ങളിൽ നിന്നു കൊണ്ടു വന്ന പലതരം സസ്യങ്ങൾ എന്നിവയും ഉണ്ട്. പിന്നീട് ഞങ്ങൾ പോയത് ദൊഡ്ഡബെട്ട കൊടുമുടിയിലേക്കാണ്. ഊട്ടിയിൽ നിന്നും ഒൻപത് കിലോമീറ്റർ മാറി ഊട്ടി കോട്ടഗിരി റോഡരികിലാണ് ദൊഡ്ഡബെട്ട. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ പെടുന്നതാണ് ഈ പ്രദേശം. ദക്ഷിണേന്ത്യയിലെ പ്രമുഖ വിനോദ

സഞ്ചാരകേന്ദ്രമാണ് നീലഗിരി. അവിടെ പർവ്വതനിരകളിലെ ഏറ്റവും വലിയ പർവ്വതമാണ് ദൊഡ്ഡബെട്ട.
മലയ്ക്ക് ചുറ്റും കൊടും വനമേഖലയാണ്. ദൊഡ്ഡബെട്ടയുടെ ഉയരത്തിൽ രണ്ട് ടെലസ്കോപ്പുകൾ സ്ഥിതിചെയ്യുന്നത് ജനങ്ങൾക്ക് ആകാശകാഴ്ചകൾ കാണാനും മലയുടെ ഭംഗി ആസ്വദിക്കാനുമായി ഉപയോഗിക്കാം. ടെലസ്കോപ്പിലൂടെയുള്ള കാഴ്ച മനോഹരമായിരുന്നു. ദൊഡ്ഡബെട്ടയിൽ ഞങ്ങൾ ഒരുപാട് നേരം ചിലവഴിച്ചു. ഒരുപാട് ഫോട്ടോകൾ എടുത്തു. അതിനുശേഷം ഞങ്ങൾ റിസോർട്ടിൽ തിരിച്ചുവന്നു. ക
ക്ഷീണം കാരണം പെട്ടെന്ന് ഭക്ഷണം കഴിച്ചു. വിശ്രമത്തിനുശേഷം പിറ്റേന്ന് അതിരാവിലെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു.
ഊട്ടിയിലെ ഓരോ സ്ഥലവും ഞങ്ങൾ നന്നായി ആസ്വദിച്ചു.

■

കവിത

# വേർപാടിന്റെ നൊമ്പരം

നിയ മനോജ്
9F



ഇനിയെന്നു കാണും നാം
കൈകോർത്തു നടന്ന
വിദ്യാലയമുറ്റത്ത്
ഇനിയെന്നീ സൗഹൃദം പങ്കുവെയ്ക്കും?
അറിയാതെ നിൻരൂപം മനസിലുറച്ചു
ഇനി മായ്ക്കാൻ ആകുമോ പ്രിയതോഴി
അണയാതെ ജ്വാലയായ് നിൻ
സൗഹൃദം എന്നെ
പിന്തുടരുന്നു
ഒരു മാത്രപോലും അകന്നിരുന്നിടാൻ
കഴിയുന്നില്ലെൻ പ്രിയതോഴി
പിരിയുന്നൊരീ
അവസാന നിമിഷത്തിൽ
പറയുവാൻ വാക്കുകളില്ല
യാത്രപറഞ്ഞു
വിദ്യാലയമുറ്റത്തെ
പടികടന്ന് എങ്ങോ
അകന്നിടുമ്പോൾ
പിരിയാതെൻ കരളിൻ
മണിച്ചെപ്പിനുളളിൽ വിതയ്ക്കുമൊരോർമ്മകൾ
മാത്രമായി
ജീവിതനൗകയിൽ ഇപ്പോഴും
നാം തുഴയുന്നു
അറിവെന്ന മധുരത്തിനായി
എന്ന് നമുക്ക് ആശ്വസിക്കാം.

# ഉബുണ്ടു

ആശംസ്. എസ്
6C

മാനവികതയ്ക്ക് മുൻതൂക്കം നൽകുന്ന ദക്ഷിണാഫ്രിക്കൻ തത്ത്വചിന്തയുടെ പേരിൽ സ്ഥാപിക്കപ്പെട്ട ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ഉബുണ്ടു. 2004-ൽ സമാരംഭിച്ച ഈ സ്വതന്ത്ര-ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഒരു ഉപയോക്തൃ സൗഹൃദ ഇന്റർഫേസും വിപുലമായ ആപ്പ് ലൈബ്രറിയും ഉൾക്കൊള്ളുന്നു. CERN പോലുള്ള പ്രശസ്തമായ സംഘടനകൾ ഉൾപ്പെടെ സാധാരണക്കാർക്കും പ്രാപ്യമായ ഒരു സങ്കേതമാണിത്. ഇത് ഒരു കമ്മ്യൂണിറ്റി അടിസ്ഥാന വികസന മാതൃകയിലാണ് രൂപപ്പെടുകയും വികസിപ്പിക്കപ്പെടുകയും ചെയ്യുന്നത്. ആർക്കും അതിന്റെ മെച്ചപ്പെടുത്തലിനായി സംഭാവന ചെയ്യാൻ കഴിയും.

ഡെസ്ക്ടോപ്പുകൾക്കപ്പുറം, ഉബുണ്ടുവിന്റെ വ്യാപനം സെർവറുകളിലേക്കും, നിർണായക ഇൻഫ്രാസ്ട്രക്ചറുകളിലേക്കും, കൂടാതെ സ്വയം ഡ്രൈവിംഗ് കാറുകളിലേക്കും മൊബൈലുകളിലേയ്ക്കും വ്യാപിച്ചിരിക്കുന്നു. വാണിജ്യപരമായി ഉബുണ്ടുവിനെ പിന്തുണയ്ക്കുന്നത് കാനോനിക്കൽ എന്ന സംഘമാണ്. ക്ലൗഡ് കമ്പ്യൂട്ടിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയിലെല്ലാം ഉബുണ്ടു വിശ്വാസമാർജ്ജി ◌്ചുകഴിഞ്ഞു.

വൈദഗ്ധ്യമുള്ള ആർക്കും ഉബുണ്ടുവിലെ ബഗുകൾ റിപ്പോർട്ടുചെയ്യുന്നതിലൂടെയോ മെച്ചപ്പെടുത്തലുകൾ നിർദ്ദേശിച്ചുകൊണ്ടോ കോഡ് എഴുതുന്നതിലൂടെയോ ഡോക്യുമെന്റേഷൻ സൃഷ്ടിക്കുന്നതിലൂടെയോ നിലവിലുള്ള ഉള്ളടക്കം വിവർത്തനം ചെയ്യുന്നതിലൂടെയോ സംഭാവന ചെയ്യാൻ കഴിയും. ഈ സഹകരണാത്മക ശ്രമമാണ് ഉബുണ്ടുവിനെ ഏറെ പ്രസക്തമാക്കി സൂക്ഷിക്കുന്നത്.

ഉബുണ്ടുവിന്റെ ഉപയോക്തൃ സൗഹൃദ സ്വഭാവമാണ് അതിന്റെ വിജയത്തിന്റെ മറ്റൊരു പ്രധാന ഘടകം. വിശാലമായ സോഫ്റ്റ്‌വെയർ ശേഖരം വിപുലമായ ആപ്ലിക്കേഷനുകളിലേക്ക് ആക്സസ് നൽകുന്നു എന്നതിനാൽ ഉപയോക്താക്കൾക്ക് മറ്റെവിടെയെങ്കിലും വ്യക്തിഗത പ്രോഗ്രാമുകൾ തിരയേണ്ടതിന്റെ ആവശ്യകത ഇല്ലാതാക്കുന്നു. ഊർജസ്വലമായ ഒരു കമ്മ്യൂണിറ്റി സഹകരണം, നവീകരണം, പ്രശ്ന പരിഹാരം എന്നിവ പ്രോത്സാഹിപ്പി ക്കുകയും നൂതനസാങ്കേതികവിദ്യയുടെ മൊത്തത്തിലുള്ള പുരോഗതിക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു.

IT@School പോലുള്ള സംരംഭങ്ങളിലൂടെ ഇത് സ്കൂളുകൾക്ക് താങ്ങാനാവുന്നതും ആക്സസ് ചെയ്യാവുന്നതുമായ പ്ലാറ്റ്ഫോമായി ഉപയോഗിച്ചു വരുന്നു. സൗജന്യവും ഓപ്പൺ സോഴ്സും ആയതിനാൽ, ഉബുണ്ടു ലൈസൻസിംഗ് ചെലവുകൾ ഇല്ലാതാക്കി സ്കൂളുകൾക്ക് സാമ്പത്തികമായി ലാഭകരമാക്കി മാറ്റുന്നു.

വിദ്യാർത്ഥികൾക്ക് സുരക്ഷിതമായ പഠന അന്തരീക്ഷം ഉറപ്പാക്കുന്നതിനായി സ്ഥിരമായ അപ്ഡേറ്റുകളും ശക്തമായ സുരക്ഷയും ഉബുണ്ടു നൽകിവരുന്നു. വിദ്യാർത്ഥികളെ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനും മൂല്യവത്തായ സാങ്കേതിക വൈദഗ്ധ്യം വളർത്തിയെടുക്കുന്നതിനും ഉബുണ്ടു പ്രോത്സാഹിപ്പിക്കുന്നു.

# മങ്ങിയ കണ്ണുകൾ



ക്രിസ്റ്റീന ജോൺ മാത്യു
8D

"അമ്മേ, എനിക്കിന്ന് ചോറ് വേണ്ടാട്ടോ". സ്കൂളിൽ പോകാനുള്ള ധൃതിയിൽ മാളവിക വിളിച്ച് പറഞ്ഞു. അടുക്കളയിൽ പുകയടിച്ചു നിന്ന് അമ്മ ചോറ് പൊതി മേശപ്പുറത്ത് വച്ചു "ആഹാരം കളയരുത് മാളൂ, അന്നം അമൂല്യമാണ്". അമ്മ അവൾക്ക് താക്കീത് നൽകി.

മാതൃ ഉപദേശമല്ലേ കേൾക്കാതിരിക്കാൻ കഴിയുമോ? അവൾ ചോറ് പൊതി ബാഗിൽ വച്ച് വീട്ടിൽ നിന്നിറങ്ങി. സ്കൂളിൽ എത്തിയപ്പോൾ സമയം 8:30. "ഇനിയും വൈകിയിട്ടില്ല. ചോറ് പൊതി ഇവിടെ എവിടെയെങ്കിലും ഉപേക്ഷിക്കാം". അവൾ കരുതി. അതിനായി ബാഗ് തിണ്ണയിൽ വെച്ച് ചുറ്റുപാടും ആരുമില്ലെന്ന് ഉറപ്പുവരുത്തിയശേഷം സ്കൂളിന് സമീപത്തുള്ള പൊന്തക്കാട്ടിലേക്ക് നടന്നു. ഫാസ്റ്റ് ഫുഡുകളോട് ആയിരുന്നു അവൾക്ക് ഏറെ പ്രിയം. അമ്മ തരുന്ന പൈസയ്ക്ക് അവൾ പലഹാരങ്ങൾ വാങ്ങി കഴിച്ചിരുന്നു. അവൾക്കന്ന് തോരനും അവിയലും ആയിരുന്നു പൊതിയിൽ. അവൾ ആ വക ഒന്നും ഇഷ്ടപ്പെട്ടിരുന്നില്ല.

കാട്ടിനുള്ളിലെ പച്ചപ്പും ഹരിതാഭയും അവളെ ആകൃഷ്ടയാക്കി. അതിനാൽ വഴിതെറ്റി മറ്റെവിടെയോ അവൾ ചെന്നെത്തി. അതൊരു ചെറു ഗ്രാമം ആയിരുന്നു. അഞ്ചു-പത്തു കുടിലുകൾ ഉണ്ടായിരുന്നു. ഗ്രാമമധ്യത്തിൽ ഒരു വലിയ ആൽമരം നിന്നിരുന്നു. അതിന്റെ സമീപത്തായി ഒരു വൃദ്ധൻ ആൽമരച്ചോട്ടിൽ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ ആകെ തളർന്നിരുന്നു.

ഉണങ്ങിയ ശരീരമാസകലം വ്രണങ്ങൾ. അവൾക്ക് എന്തോ ഒരു വല്ലായ്മ തോന്നിച്ചു. ആ വൃദ്ധൻ അവളെ തന്നെ നോക്കിക്കൊണ്ട് പതിയെ തന്റെ ചടച്ച കൈകൾ മാളവികയുടെ നേരെ നീട്ടി. ആ കയ്യിലെ പഴുത്ത വ്രണങ്ങൾ അവളെ അലോസരപ്പെടുത്തി കൊണ്ടിരുന്നു. ആ പൊതി അവിടെവച്ച് അവൾ ഓടിമാറി.

തിരികെ നടക്കവേ പിന്നിൽ കുട്ടികളുടെ ആരവം. അവൾ അതുകേട്ട് തിരിഞ്ഞു നോക്കി. ഉണങ്ങി എല്ലും തോലുമായ കുഞ്ഞുങ്ങൾ. അവർ സന്തോഷത്തോടെ ആ ചോറ് പൊതി പങ്കിടുന്നു. അവരുടെ കുറച്ചരികിൽ ഞങ്ങളുടെ കുഞ്ഞുങ്ങൾ ആഹാരം കഴിക്കുന്നത് കണ്ടുനിൽക്കുന്ന

അമ്മമാർ. അവരുടെ മുഖം തന്റെ അമ്മയുടെ എന്ന് അവൾക്ക് തോന്നി. ദിവസവും രാവിലെ എഴുന്നേറ്റ് ഭക്ഷണം ഉണ്ടാക്കുകയും ജോലിക്ക് പോയി തിരികെ വന്ന് വീണ്ടും വീട്ടുജോലികളിൽ മുഴുകുന്ന അമ്മ. ആ അമ്മ പറയുന്നത് കേൾക്കാതെ ആണല്ലോ താൻ ആഹാരം പാഴാക്കുന്നതെന്ന് ഓർത്തപ്പോൾ അവൾക്ക് സങ്കടവും ലജ്ജയും ഉണ്ടായി. അവളുടെ തലതാഴ്ന്നു.

ആ കുട്ടികളുടെ കൂട്ടത്തിൽ ഒരു പെൺകുട്ടി തനിക്ക് കിട്ടിയ പങ്കിൽ അല്പം ആൽമരച്ചോട്ടിലിരുന്ന വൃദ്ധന് നൽകി. അയാൾ കലങ്ങിത്തെളിഞ്ഞ കണ്ണുകളുമായി അവളെ നോക്കി. ആ മങ്ങിയ കണ്ണുകളിൽ സംതൃപ്തിയുടെ കിരണങ്ങൾ പ്രതിഫലിച്ചുകാണാമായിരുന്നു.

കവിത

# പ്രകൃതി

അമൃതവർഷിണി
8D

പ്രകൃതി ഈശ്വരി ഞാൻ
പിച്ച വെച്ചത് നിൻ മാറിൽ
കളിവീടൊരുക്കിക്കളിച്ച്
തിമിർത്തും ഈ പ്രകൃതിയിൽ വിരി
മാറിയല്ലോ
കുഞ്ഞിളം തെന്നലായെന്നെ
തഴുകി ഉറക്കിയും കുളിർമാരി മായി
വന്നു കൊഞ്ചിച്ചതും,
അരുണകിരണങ്ങളാൽ
തൊടുണർത്തി എന്നിൽ
പുതുപുലരിതൻ തുടിയേകിയും
എന്നോരോ തുടിപ്പും
നിന്നിലെന്നറിയുന്നുഞാൻ തിരികെ
തരുവാൻ ഒന്നുമില്ലെങ്കിലും
കുഞ്ഞിളം കൈയാൽ ഒരായിരം
തെളിവാർന്നു ഒഴുകുന്ന ചേലകൾ
മനുഷ്യന്റെ ആർത്തിക്ക്
അതിരിടാൻ പ്രാർത്ഥിച്ചിടുന്നു
ഞാൻ
അമൃതവർഷിണീ അമ്മേ..
ആ വിരിമാറിലേയ്ക്കൊന്ന്
ചേർന്നിരിക്കട്ടെ ഞാൻ
നന്മയുടെ ആയിരം തിരി
തെളിയിക്കട്ടെ.

# ലഹരി

അദ്വൈത് ജയൻ
9C

എത്രനാൾ
കുടിച്ചിറക്കും
എത്രനാൾ
പുകച്ചു തീർക്കും
എത്രനാൾ
ഇനി എത്ര നാൾ
നിൻ ഞരമ്പുകൾ
കത്തിനിൽക്കും
ഇനി നിന്റെ തൊണ്ടയിൽ
പുഴുക്കൾ വഹിച്ചും
ഇനി നിന്റെ കരളും
ജീർണ്ണമാകും
ഇനി നിന്റെ ഞരമ്പുകൾ,
ഇനി നിന്റെ ചുണ്ടുകൾ
ഇനി നിന്റെ തലച്ചോറും
ഇനി നിന്റെ ആയുസ്സും
നീറിപ്പുകയും
ജീവിതലഹരിയിൽ
ആറാടുക യുവത്വമേ
നിന്നിൽ നിലനിൽക്കും
ഈ രാജ്യം
നീ തന്നെ
ഒരു രാഷ്ട്രമാകും..

# ചെസ്റ്റ് നമ്പർ ഏഴ്



പുരാണിക.എ.ഡി
8D

"സൈറാ, സൈറാ, എവിടെയാ നീയ്, എന്തെടുക്കുവാ അവിടെ,ഒന്ന് വന്നേയി ങ്ങോട്ട്"
ഒപ്പനക്ക് ഒരുങ്ങാൻ മണവാട്ടിയെ വിളിക്കുകയാണ് ജസീല. എല്ലാവരും ഒരുങ്ങാനുള്ള വെപ്രാളത്തിലാണ്. ഒരോരുത്തരായി മേക്കപ്പിട്ട് മൊഞ്ചത്തിമാരായി മാറിക്കൊ ണ്ടിരിക്കുന്നു.
"ആതിരേ പാട്ടിനിടയ്ക്ക് സ്പീഡ് കൂട്ടല്ലേ"
"ആടീ അറിഞ്ഞുകൊണ്ടില്ല".
"അയ്യോ! അങ്ങനെ പറയല്ലേ,സ്പീഡ് കൂടി യാ എല്ലാം തീരും"
"എന്റെ ജെസി, ഒന്നാതെ മനുഷ്യൻ ടെൻഷൻ അടിച്ച് പണ്ടാരടങ്ങി ഇരിക്കുവാ, നീ എരിതീയില് എണ്ണ ഒഴിക്കല്ലേ പെണ്ണേ".
"ഓ ന്നാ ഞാൻ പോവാ".
"മോഹിനിയാട്ട മത്സരം കഴിഞ്ഞാലുടൻ ഒപ്പന തുടങ്ങുന്നതായിരിക്കും." അനൗൺ സ്മെന്റ് കേട്ട് എല്ലാവരും പരിഭ്രാന്തരായി.
"പെട്ടെന്നാവട്ടെ ഒന്നുകൂടി കളിച്ച് നോക്കണം."
ഫസിയ ടീച്ചർ പറഞ്ഞു.
വാടകയ്ക്കെടുത്ത ആഭരണങ്ങളോരോന്നാ യി മണവാട്ടി തിടുക്കത്തിൽ അണിഞ്ഞു.
"ഹോ! മണവാട്ടിക്കെന്തൊരു സുഖാല്ലേ, വെറുതെ ചിരിച്ചുകൊണ്ടിരുന്നാൽ മതീ ല്ലോ?"
"ഹാ, അതൊക്കെ ശരിയാ, പക്ഷേ സ്റ്റേജി ലിരിക്കുമ്പോൾ ചിരി വരൂല്ല, എന്താ ആവോ..."
മണവാട്ടി, കൃഷ്ണയുടെ ചോദ്യത്തിന് ആശ ങ്ക കലർന്ന മറുപടി നൽകി.
"എന്തൊക്കെ പറഞ്ഞാലും കളിക്കുന്നത് കുറച്ച് പ്രയാസാ, നടു മിന്നി പിടിച്ചാലും കാലുവളുന്തിയാലും ചിരിയും താളവും അതുപോലിണ്ടാവണ്ടേ"
"ആ അതും സത്യവാ."
അങ്ങനെ പരസ്പരം സംസാരിച്ചും പേടി പങ്കുവച്ചും അവരിരുന്നു.
ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി ഇനി അവസാന റിഹേഴ്സലാണ്.
"ആ, പെട്ടെന്ന് പെട്ടെന്ന്...."
"ഹാലിൽ കുളിരുമായ്........"
"ആഹാ ! പാട്ടും കളിയും എന്താ ചേല് ഗ്രേഡ് ഉറപ്പാ"
ടീച്ചർമാരും അമ്മമാരും എല്ലാം ഉറപ്പിച്ചിരുന്നു.
ചെസ് നമ്പർ വാങ്ങി, ഏഴാമതാണ്.
"മറ്റുള്ളവരുടെ പാട്ടും ചുവടും ഒന്നും ശ്രദ്ധിക്കല്ലേ"
ടീച്ചർ ഓർമ്മപ്പെടുത്തി.
"ഇല്ലില്ലാ.."
അങ്ങനെ അവരുടെ ഊഴമെത്തി.
"മിന്നിച്ചേക്കണേ മക്കളെ."
ഫസിയ ടീച്ചർ പറഞ്ഞു.
"ഓക്കെ ടീച്ചറേ..."
പിള്ളാരും ഫോമിലാണ്. അവസാന റിഹേഴ്സലിൽ തൃപ്തരുമാണ്.
"ആതിരേ, സ്പീഡ് കൂട്ടല്ലേ മുത്തേ."

പാവം ജെസി പിന്നെയും പിന്നെയും ഓർമ്മിപ്പിച്ചു.
"ഒരിക്കലുമില്ലെടി"
അവൾ ഉറപ്പുകൊടുത്തു.
ജെസീലയ്ക്ക് എന്നാലും നല്ല ആശങ്കയുണ്ട്. താൻ സെലക്ട് ചെയ്ത ടീമാണ്, താൻ പറഞ്ഞ് കൊടുത്ത വരികളാണ്, ചുവടുകളാണ്.
ഇത്രയുമെത്തുമെന്ന് വിചാരിച്ചില്ല, എന്നാലും ഇവിടെ വരെയെത്തിയതാണ്. നിരാശയോടെ മടനാവില്ല.
ഇത്തരം ചിന്തകൾ അവളുടെ മനസിനെ വല്ലാതെ ആശങ്കപ്പെടുത്തി.
"ജെസീ...., തുടങ്ങാറായി".
"ന്റെ റബ്ബേ കാത്തോളണേ"
പിന്നെയും മധുരമായും ശക്തമായും അവർ പാടി.
"ഹാലിൽ കുളിരുമായ്
ഹുസ്താനിൽ നിന്നുള്ള..."
ഒപ്പന കഴിഞ്ഞുള്ള ഹർഷാരവം വിജയത്തിന്റെ പടിവാതിലിൽ എത്തിയതിന്റെ സൂചന തന്നെ.
ഫസിയ ടീച്ചർ ഓടി വന്ന് എല്ലാവരേയും വാരി പുണർന്നു. ഇനി വിധി കൂടി കേൾക്കണം. അത്ര മാത്രം.
"കൊള്ളാരുന്നോ"
"സൂപ്പറാരുന്നു"
"മണവാട്ടിയുടെ ചിരിയും ഡാൻസും പാട്ടും എല്ലാം അടിപൊളിയാരുന്നു."
"ആണോ, ശരിക്കും."
നിറഞ്ഞ മനസ്സോടെ വേഷഭൂഷാധികൾ അഴിച്ച് മാറ്റി മുഖം തേച്ചുരച്ച് കഴുകി തുടച്ച് വൃത്തിയാക്കി ഒന്ന് വിശ്രമിച്ചു.
പാതിരാത്രിയായി എല്ലാം അവസാനിച്ചപ്പോൾ. റിസൾട്ട് അനൗൺസ് ചെയ്തു. അതുകേട്ട് എല്ലാവരും പരസ്പരം നോക്കി.
ജസി, അവളാകെ തളർന്നു പോയിരി ക്കുന്നു. അവളുടെ കണ്ണിൽ നിന്നും ചോര പൊടിഞ്ഞു. പളുങ്കു പോലെ തിളങ്ങുന്ന ചോര, എല്ലാവരും അതിനെ കണ്ണുനീരെന്നു വിളിക്കും. കുരുന്നുകളുടെ കണ്ണുനീർ ടീച്ചറിനെ കോപിതയാക്കി. അവരുടെ കണ്ണുകൾ ചുവന്നു. ചുണ്ടുവിറച്ചു, കൈകൾ മരവിച്ചു.
നേരെ വിധികർത്താക്കളുടെ അടുത്തേക്ക് തങ്ങൾക്കുൾപ്പെടെ ഒൻപത് ടീമുകൾക്ക് ഗ്രേഡ് ബി ആണ്. ഒരിക്കലും അങ്ങനെ വരില്ല, ഏറ്റവും മികച്ചവരാണ് ... ഇവിടെ വന്ന ഏറ്റവും മികച്ചവരാണ്... ഇത്രയും പേരോട് മത്സരിച്ച് വിജയിച്ച് വന്നവർ. ചെറിയ തെറ്റിന് ബി കൊടുക്കാൻ കഴിയില്ല.
"തെറ്റ് കൃത്യമായി പറഞ്ഞ് ബോധിപ്പിക്കണം" ഫസിയ ടീച്ചർ പറഞ്ഞു.
മറ്റ് ടീമുകളുമായി വന്നവരും അതിനെ പിന്താങ്ങി.
നിസാര കാര്യങ്ങൾ ചൂണ്ടി കാണിച്ച് ഒഴിഞ്ഞു മാറുകയല്ലാതെ തെറ്റ് ചൂണ്ടികാണിക്കാൻ വിധികർത്താക്കൾ തയ്യാറായില്ല. ഒരു പരിധിക്കപ്പുറം ചോദ്യം ചെയ്യാൻ കഴിയാഞ്ഞതോടെ എല്ലാവരും നിരാശരായി.
"സാരല്ലമക്കളെ, അടുത്ത കൊല്ലം നമ്മള് ജയിക്കും. നിങ്ങള് വിഷമിക്കണ്ട."
ഇടറിയ ആ വാക്കുകൾ മുറിവിൻ്റെ ആഴം കൂട്ടുന്നതായിരുന്നു.
"കൊള്ളത്തില്ലേൽ തരണ്ടേരുന്ന്, പക്ഷേ, ഇതങ്ങനല്ലല്ലോ. അതോർക്കമ്പഴാ.."
"വിട്ടേക്കടോ, കൊല്ലം മൂന്ന് ഇനീം ഉണ്ടല്ലോ. ഹൈസ്കൂൾക്ക് ആയിട്ടല്ലേള്ളു."
"എന്നാലും ടീച്ചറേ, സെക്കൻ്റ് ഓവറോൾ ആയില്ലേ നമ്മക്ക്."
"അതിനുവേണ്ടി ചെയ്ത ചെയ്ത്താണല്ലൊ ഇത്."
"കൊഴപ്പമില്ലാ"
"വാ പോവാം"
ആ രാത്രി കലകളുടെ ഉത്സവത്തിൽ കരി പൂണ്ടു. അലതല്ലി കലമ്പുന്ന കരിങ്കടൽ പോലെ മനസുകൾ വിതുമ്പി. ചിലത് ആളിക്കത്തി. ആ തീ പിന്നീട് ഒരു പിടി ചാരം പോലെ ശാന്തമായ് കാറ്റിൽ പറന്നു.
ട്രെയിൻ ചലിക്കാൻ തുടങ്ങി. വേഗം കൂടി കൂടി വന്നു. ചീറിപായാൻ തുടങ്ങി. എന്നാൽ അതിനുള്ളിൽ അതിനേക്കാൾ വേഗത്തിൽ ചിന്തകൾ മിന്നി മറയുന്ന മനസുകളുണ്ടായിരുന്നു. ചോര വാർന്നുണങ്ങിയ, പാട പതിഞ്ഞ വരണ്ട കവിൾത്തടങ്ങളുണ്ടായിരുന്നു..



# കള്ളനായില്ല ഞാൻ



ആരോമൽ വിജയൻ
6B

നമസ്കാരം, എന്റെ പേര് ആരോമൽ എന്നാണ്. എന്റെ ജീവിതത്തിൽ നടന്ന ഒരു അനുഭവ ക്കുറിപ്പാണ് ഞാൻ ഇവിടെ എഴുതുന്നത്. നമുക്ക് എല്ലാവർക്കും ഇഷ്ടമുള്ള ഒരു മീനാണ് ഗപ്പി. ഗപ്പി മീനുകളെ ഞാൻ വളർത്തുമാ യിരുന്നു എന്നിട്ട് അവയെ ഞാൻ വിൽക്കും. എന്നിട്ട് വലിയ ക്ലാസിൽ പഠിക്കുന്ന ചേട്ടന്മാർ എനിക്ക് കുറച്ചു മീനുകളെ തന്നു. ഞാൻ എല്ലാം ദിവസവും അതിന് തീറ്റ കൊടുത്ത് പരിപാലിക്കുമായിരുന്നു. അത് പ്രസവിച്ചപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി.

പിന്നീട് മൊബൈൽ കാണുമ്പോൾ ഞാൻ എപ്പോഴും മീനുകളുടെ വീഡിയോ ആയിരുന്നു കാണുന്നത്. അങ്ങനെ കൂടുതൽ മീനുകൾ വാങ്ങണമെന്ന് എനിക്ക് ആഗഹമായി. അതിനായി എൻറെ വീട്ടി വീട്ടിലിരുന്ന് ഒരു വഞ്ചിയിൽ നിന്നും അമ്മയെ അറിയാതെ ഞാൻ പൈസ എടുക്കാൻ തുടങ്ങി. വഞ്ചിയിൽ നിന്നും ആയിരം രൂപയോളം ഞാൻ എടുതത്തു മീൻ വാങ്ങി. പുതിയതായി വാങ്ങിയ മീനുകൾ എല്ലാം ഞാൻ ഒരു വലിയ ടാങ്കിൽ ഇട്ടു വളർത്താൻ തുടങ്ങി. ആ സമയത്ത് ഞാൻ ചെയ്യുന്നത് തെറ്റാണോ എന്ന് പോലും എനിക്കറിയില്ലായിരുന്നു. അങ്ങനെ ആ പ്രശ്നം ആരും അറിഞ്ഞില്ല.

അങ്ങനെയിരിക്കേ, ഞങ്ങളുടെ അമ്പലത്തിൽ ഉത്സവം തുടങ്ങി. ഉത്സവ ത്തിന്റെ ആവശ്യത്തിനായി അമ്മ വഞ്ചിയെടുക്കാൻ തുടങ്ങി. എനിക്ക് ആകെ പേടിയായി. അമ്മ വഞ്ചിയിൽ നോക്കിയതും അതിൽ ഒരുപാട് പൈസ കുറവുണ്ടായിരുന്നു. ഞാൻ ഒരുപാട് കരഞ്ഞു. അമ്മ വിവരം അച്ഛനോട് പറഞ്ഞു. അച്ഛൻ ചൂരൽ എടുത്ത് ഒരുപാട് തല്ലി.

വീണ്ടും പല ആവശ്യങ്ങൾക്കായി ഞാൻ വഞ്ചിയിൽ നിന്നും പൈസ എടുക്കാൻ തുടങ്ങി. അങ്ങനെ ഒരു ദിവസം പൈസ എടുത്ത സാധനങ്ങൾ കൊണ്ട് ഞാൻ ബേക്കറിയിൽ നിന്നും സാധനങ്ങൾ വാങ്ങിച്ചത് അവർ കണ്ടുപിടിച്ചു. അങ്ങനെ വീണ്ടും വീട്ടിൽ പ്രശ്നമുണ്ടായി. അമ്മ ഈ വിവരം എന്റെ അധ്യാപികയായ അനു ടീച്ചറോട് പറഞ്ഞു. ടീച്ചർ ഒരു അമ്മയെ പോലെ എന്നെ വിളിച്ചിട്ട് നടന്ന കാര്യങ്ങൾ ഒക്കെ ചോദിച്ചു. ഞാൻ എല്ലാ വിവരങ്ങളും എന്റെ ടീച്ചറിനോട് പറഞ്ഞു. ഒരു അമ്മ എങ്ങനെയാണ് ആശ്വസിപ്പിക്കുന്നത് എന്നപോലെ എന്റെ ടീച്ചർ എന്നെ ആശ്വസിപ്പിച്ചു. മേലാൽ ഇതുപോലെ തെറ്റുകൾ ആവർത്തിക്കരുത് എന്നും എന്നോട് പറഞ്ഞു.

പിന്നീട് ഞാനും ടീച്ചറും വലിയ കൂട്ടുകാരായി. എന്റെ എല്ലാ കാര്യങ്ങളും ഞാൻ ടീച്ചറോട് പറയാറുണ്ട്. എപ്പോഴും ടീച്ചർ എന്നെ വിളിക്കും. ടീച്ചർ എന്നെ അന്ന് അങ്ങനെ ഉപദേശിച്ചത് കൊണ്ടാണ് ഇന്ന് ജീവിതത്തിൽ എനിക്ക് ഒരു നല്ല വ്യക്തിയാകാൻ കഴിഞ്ഞത്. ഞാൻ ചെയ്യുന്നത് തെറ്റുകൾ ആയിരുന്നു എന്നും എനിക്ക് മനസ്സിലായി. നമ്മൾ എന്തു കാര്യം ചെയ്യുമ്പോഴും അത് രണ്ടുമൂന്നുവട്ടം ആലോചിച്ചിട്ട് വേണം ചെയ്യാൻ. ഇന്ന് തെറ്റ് തിരുത്താതിരുന്നാൽ നാളെ വളർന്ന് ഒരു കള്ളനായി തീരും. അതിനാൽ കളവ് പറയുകയോ ചെയ്യുകയോ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യരുത്.

# പുസ്തകം

ഗായത്രി. ജി

പുസ്തകങ്ങൾ എന്നും നിശബ്ദ വസന്തങ്ങളാണ്. നിറയെ താളുകളുള്ള ഒരു പുസ്തകം പോലെയാ ണോരോ ജന്മങ്ങളും. അതിന്റെ ആഴങ്ങളിലേക്ക് ചിറകടിച്ചു പറന്നു തുടങ്ങുമ്പോൾ കാലത്തിന്റെ ദൈർഘ്യത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. അറിവ് അന്വേഷിക്കുകയാണെങ്കിൽ അവന്റെ അന്വേഷണത്തിൽ സ്വർഗമുണ്ട്.ഒരായിരം മനുഷ്യർ ക്ക് തുല്യമാണ് ഒരു പുസ്തകം.ഓരോ കഥയും ഓരോരോ കഥാപാത്രങ്ങളും പുതുതായി കടന്നു വരുന്ന അക്ഷരങ്ങളിലൂടെ വ്യത്യസ്തമായ അനുഭവ ങ്ങൾ പകർന്നു തരുന്ന ഒരുപാട് ചിരിപ്പിക്കുകയും ഒരുപാട് കരയിപ്പിക്കുകയും ചെയ്യുന്ന എന്റെ സ്വന്തം പുസ്തകം.

# ചിത്രശാല
# വഴികാട്ടികൾ



ജി.സിന്ധു (ബഹു.എച്ച്.എം)



ശ്രീമതി കെ.ലത



ശ്രീമതി ഷേർളി എബ്രഹാം



ശ്രീ. സാജൻ. കെ



സ്കൂൾ വാർഷിക സദസ്



വെളിയം ഉപജില്ല
ശാസ്ത്രമേള
HS Maths Fair (1st)
HS IT Fair (1st)
HS Work Experience Fair (1st)
HS Social Science Fair (1st)
UP Work Experience Fair (1st)
UP IT Fair (2nd)
OVERALL
ഗവ.ഹൈസ്കൂൾ
പൂയപ്പള്ളി